**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിനേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിനായി ശാസ്ത്രീയമായും ചിട്ടയോടുകൂടിയും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 2021 ജനുവരി 16 മുതലാണ് സംസ്ഥാനത്ത് വാക്സിനേഷൻ ആരംഭിച്ചത്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും (MOHFW), കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട ദേശീയ വിദഗ്ധ സമിതിയും (NEGVAC) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വാക്സിനേഷൻ നടത്തി വരുന്നത്. ആദ്യഘട്ടമായി ആരോഗ്യ പ്രവർത്തകർക്കും തുടർന്ന് കോവിഡ് മുൻഗണനാ വിഭാഗത്തിലുള്ള മുന്നണി പോരാളികൾക്കുമാണ് കോവിഡ് വാക്സിൻ നൽകിയത്. വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി - പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും എസ്ടി ജനവിഭാഗങ്ങൾക്കും പ്രതിരോധ കുത്തിവയ്പ്പിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തു. ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കിടപ്പു രോഗികൾക്ക് അവരുടെ വീടുകളിൽ പോയി വാക്സിനേഷൻ നൽകുകയും ചെയ്തു. കൂടാതെ സംസ്ഥാനത്ത് സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരെ വാക്സിനേഷന് രജിസ്റ്റർ ചെയ്യാനായി വേവ് : 'വാക്സിൻ സമത്വത്തിനായി മുന്നേറാം' എന്ന പേരിൽ വാക്സിനേഷൻ രജിസ്ട്രേഷൻ ക്യാമ്പയിൻ ആരംഭിച്ചു. 15 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് 3/1/2022 മുതൽ വാക്സിനേഷൻ നൽകിത്തുടങ്ങി. കേരളം വളരെ കാര്യക്ഷമമായാണ് വാക്സിൻ നൽകുന്നത്. തുള്ളി പോലും പാഴാക്കാതെ കിട്ടിയ ഡോസിനേക്കാളും അധികം ഡോസ് വാക്സിനെടുക്കുന്ന സംസ്ഥാനമാണ് കേരളം. ഇത് |

| | | | |
|---|---|---|---|
| | | | ദേശീയ ശ്രദ്ധപോലും നേടിയിരുന്നു. വാക്സിൻ സംസ്ഥാനത്തെത്തിയാൽ അതെത്രയും വേഗം താഴെത്തട്ടിലെ വാക്സിനേഷൻ കേന്ദ്രങ്ങളിലെത്തിക്കാൻ വിപുലമായ സംവിധാനമാണൊരുക്കിയിരുന്നത്. ഇത്തരത്തിലുള്ള ശരിയായ ആസൂത്രണത്തിലൂടെയും നിർവ്വഹണത്തിലൂടെയും സംസ്ഥാനത്ത് 18 വയസ്സിന് മുകളിലുള്ളവർക്ക് ആദ്യ ഡോസ് വാക്സിനേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു. 14/02/22 വരെയുള്ള വാക്സിനേഷൻ കവറേജ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ദേശീയ ശരാശരിയേക്കാൾ മികച്ച വേഗത്തിൽ ഒന്നും രണ്ടും ഘട്ട വാക്സിനേഷൻ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വാക്സിനേഷൻ കവറേജ് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. |
| (സി) | ബൂസ്റ്റർ ഡോസ് വാക്സിനേഷൻ നൽകുന്നത് കാര്യക്ഷമമാക്കാൻ സ്വീകരിച്ച് വരുന്ന നടപടികളും അതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; | (സി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ആരോഗ്യ പരിപാലന പ്രവർത്തകർ, മുൻനിര തൊഴിലാളികൾ, 60 വയസ്സിന് മുകളിലുള്ള ഉപഭോക്താക്കൾ എന്നിവർക്ക് ഡോസ് 2 കഴിഞ്ഞ് 9 മാസത്തിന് ശേഷം മുൻകരുതൽ ഡോസിന് അർഹതയുണ്ട്. അതിനായി മതിയായ വാക്സിനേഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുൻകരുതൽ ഡോസിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി IEC പ്രവർത്തനങ്ങളും നടത്തി വരുന്നു. 14.02.2022 വരെ വിവിധ വിഭാഗങ്ങൾക്കിടയിൽ മുൻകരുതൽ ഡോസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: • Health care workers-1,86,363 (46% of the eligible) • Front line workers -1,30,004 (33% of the eligible) • 60+ - 4,96,668 (45% of the eligible) • Total - 8,13,035 (43% of the eligible) |
| (ഡി) | സംസ്ഥാനത്ത് സമ്പൂർണ്ണ വാക്സിനേഷന് ആവശ്യമായ വാക്സിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തിന്റെ ആവശ്യാനുസരണം മതിയായ വാക്സിൻ ഡോസുകൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| 14-02-2022 ലെ കണക്ക് പ്രകാരം വിവിധ വിഭാഗങ്ങൾക്ക് നൽകിയ വാക്സിന്റെ സംഗ്രഹം | | | |
|---|---|---|---|
| **മുൻഗണനാ വിഭാഗം** | **1st ഡോസ്** | **2nd ഡോസ്** | **മുൻകരുതൽ ഡോസ്*** |
| 18 വയസ്സിനു മുകളിൽ പ്രായമുള്ളവർ | 2,68,68,122 (101%) | 2,27,94,810 (85%) | 8,13,035 (43% of the eligible) |
| 15 നും 17 നും ഇടയ്ക്ക് പ്രായമുള്ളവർ | 11,47,430 (75%) | 2,36,298 (15%) | 0 |
| **നൽകിയ ആകെ വാക്സിൻ ഡോസുകൾ** | **5,18,59,695** | | |